മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

307 (647) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) വ്യവസായം ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കപ്പെട്ട വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരം ചുവടെ ചേർക്കുന്നു:

1. 3699-ലക്ഷം രൂപ മുതൽമുടക്കോടെ 991 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. സംരംഭകത്വ സഹായ പദ്ധതിപ്രകാരം 14 യൂണിറ്റുകൾക്ക് 22,64,483 രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി നാനൂറ്റി എൺപത്തി മൂന്ന് രൂപ) അനുവദിച്ചു.

3. സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിപ്രകാരം 3 വ്യവസായ സംരംഭങ്ങൾക്ക് 3,91,285-രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയഞ്ച് രൂപ) അനുവദിച്ചു.

4. മാർജിൻമണി ലോൺ വായ്പ പദ്ധതിപ്രകാരം ആറന്മുട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ യൂണിറ്റിന് 1,48,500- (ഒരു ലക്ഷത്തി നാൽപ്പത്തി യെണ്ണായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. ഐ.ഐ.പി ശീർഷകത്തിൽ പൊട്ടൻഷ്യൽ സർവ്വേ, സെമിനാർ, ഇ.ഡി.പി. എന്നിവയ്ക്കായി 2,82,000-രൂപ (രണ്ട് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ) ചെലവഴിച്ചു.

6. മാവേലിക്കര എസ്.സി. ഹാൻഡ് ലൂം & പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 14,26,000 രൂപ (പതിനാല് ലക്ഷത്തി ഇരുപത്തി യാറായിരം രൂപ) അനുവദിച്ചു.

7. 16 സംഘങ്ങളുടെ ക്ലിയറൻസ് അപേക്ഷകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് തീർപ്പു കൽപ്പിച്ചു.

8. പി.എം.ഇ.ജി.പി. പദ്ധതിയിൽപ്പെടുത്തി വ്യവസായം ആരംഭിക്കുന്നതിന് 59 യൂണിറ്റുകൾക്ക് 89.82 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

9. വനിതാ വ്യവസായ പദ്ധതി പ്രകാരം 5 സംരംഭകർക്ക് 11.90 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.

10. ഗുണഭോക്താക്കൾക്ക് 2.58 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു.

11. 125 സംരംഭകരുടെ ബാങ്ക് വായ്പക്കുള്ള അപേക്ഷകൾ വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തു.

12. സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതുതായി വ്യവസായം ആരംഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധ മായി ചേർത്തിട്ടുണ്ട്.*

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചവരെ 16/01/14-ന് ഇന്റർവ്യൂ നടത്തി തയ്യാറാക്കി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒഴിവുവന്ന സ്ഥലം മുൻഗണനാ ക്രമത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) കായംകുളം പെരിങ്ങല തൈയ്യിൽ വീട്ടിൽ ശ്രീമതി ജയന്തി നാഗിന് ഡവലപ്പ്മെന്റ് ഏരിയ കൊല്ലക്കടവിൽ 25 സെന്റ് സ്ഥലം വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly